ഹുസൈൻ രണ്ടത്താണി

## സൂഫിസം: ഹിറാ ഗുഹയിൽ നിന്ന്

ഇസ്ലാമിക വിശ്വാസത്തിന്റേയും അനുഷ്ഠാനത്തിന്റേയും ആന്തരിക സ്പന്ദനവും ശാക്തീകരണവുമാണ് തസവ്വുഫ് അഥവാ സൂഫിസം. ഇസ്ലാമിലെ ഇല്മുൽ കലാം, ഫിഖ്ഹ്, തുടങ്ങിയ പല പഠന ശാഖകളും വികസിക്കുന്നതും പേരുറപ്പിക്കുന്നതും പില്കാലത്താണ്. അപ്രകാരം ഒരു പഠന പ്രസ്ഥാന ശാഖയായി വികസിച്ചപ്പോഴാണ് തസവ്വുഫും പേരുറപ്പിക്കുന്നത്. തസവ്വുഫിന് സൂഫിസം എന്ന പേരും പിൽകാലത്ത് വന്നതാണ്. പക്ഷേ, അതിന്റെ മൂല വേരുകൾ പ്രവാചകന്റെ കാലത്തോളം വരെ എത്തി നില്ക്കുന്നു. മക്കയിലെ മലീമസമായ ചുററുപാടുകളിൽ നിന്ന് മാറി ഹൃദയത്തെ സ്ഫുടീകരിക്കാൻ പ്രവാചകൻ തിരഞ്ഞെടുത്ത പ്രഥമ മാർഗം ധ്യാനമായിരുന്നു. അതിനാൽ സൂഫിസം തുടങ്ങുന്നത് ഹിറാമലയിലെ ഗുഹയിൽ വച്ചുള്ള പ്രവാചകന്റെ ധ്യാനത്തിൽ നിന്നാണ്. അമവി ഭരണ കാലത്ത് മുസ്ലിംകൾ ജാഹിലിയ സംസ്കാരത്തിലേക്ക് നീങ്ങുന്നത് കണ്ട് മനം നൊന്ത മുസ്ലിം ആത്മീയ പുരുഷന്മാർ പ്രവാചകനെപ്പോലെ പ്രബുദ്ധത (കശ്ഫ്)ക്കായി ധ്യാനം തന്നെ തിരഞ്ഞെടുത്തു. ഇവർ സംഘങ്ങളായി തീരുകയും ലളിതമായ ജീവിത രീതി സ്വീകരിക്കുകയും ചെയ്തു. ഇവർ പരിക്കൻ വസ്ത്രമായി കരിമ്പടം ധരിക്കാൻ തുടങ്ങി. അങ്ങനെ ജനങ്ങൾ ഇവരെ കരിമ്പടം ധരിച്ചവർ അഥവാ സൂഫികൾ എന്ന് വിളിച്ചു വന്നു. യൂറോപ്യൻ ചരിത്രകാരന്മാരേയും എഴുത്തുകാരേയും തസവ്വുഫ് ആഴത്തിൽ സ്വാധീനിച്ചതോടെ അവർ ഈ പ്രസ്ഥാനത്തെ സൂഫിസം എന്ന് വിളിച്ചു പോന്നു. അങ്ങനെ തസവ്വുഫ് സൂഫിസം എന്നറിയപ്പെട്ടു. ജൈനിസം, ഹെലനിസം എന്നൊക്കെ വിളിക്കുന്നത് പോലെ.

തസവ്വുഫ് ഇസ്ലാമിന്റെ ഭാഗമല്ലെന്നും അത് ക്രിസ്തുമതത്തിന്റേയും മററ് മതങ്ങളുടേയും സ്വാധീനഫലമായി പില്ക്കാലത്ത് ഉദ്ഭവിച്ചതാണെന്നും ആദ്യം സമർഥിച്ചത് യൂറോപ്യൻ എഴുത്തുകാരാണ്. അവരുടെ ചുവട് പിടിച്ച് പലരും സൂഫിസത്തിന്റെ ഉത്ഭവം ക്രിസ്തുമതത്തിലും യഹൂദ മതത്തിലും ബുദ്ധ മതത്തിലുമൊക്കെ ചാർത്താൻ ശ്രമിച്ചു. സൂഫിസത്തിന്റെ സൗന്ദര്യം കണ്ടറിഞ്ഞ ഈ വിദ്വാന്മാർക്ക് അത് ഇസ്ലാമിന്റെ സൃഷ്ടിയാണെന്നത് വക വച്ചു കൊടുക്കാനുള്ള മനഃപ്രയാസമായിരുന്നു മുഖ്യമായും ഇവരുടെ ''കണ്ടെത്തലിന്'' കാരണം. ഇസ്ലാം ഒരു രാഷ്ട്രീയ വ്യവസ്ഥിതിയാണെന്നും അതിന് അധ്യാത്മികത എന്നൊന്നില്ലായെന്നും ലോകത്തെ ബോധ്യപ്പെടുത്താനും ഇവർ പാടു പെട്ടു. പ്യൂരിററനുകളായ ചില മുസ്ലിം ചിന്തക്കാരും ഇതേററു പാടാൻ തുടങ്ങിയെങ്കിലും തസവ്വുഫിന്റെ വേര് ഇസ്ലാം മതത്തിൽ തന്നെ ഉറച്ചു നില്ക്കുകയാണ്.

ഖുർആനിൽ തസവ്വുഫിന് സമാനമായ പദം 'ഇഹ്സാൻ' ആണെന്ന ചില പണ്ഡിതന്മാരുടെ അഭിപ്രായം അർഥവത്താണ്. ഗുണകാംക്ഷ എന്ന് ഈ വാക്കിന് പൊതുവായി അർഥം പറയാമെങ്കിലും 'സൗന്ദര്യമുള്ളത് എന്താണോ, അത് പ്രവർത്തിക്കുക' എന്ന് സാങ്കേതികമായി പറയാം. ദൈവീകമായും മാനുഷികമായും സൗന്ദര്യമുള്ളത് എന്താണോ അത്. ഖുർആൻ പലയിടത്തായി ഈ പദം ഉപയോഗിക്കുന്നുമുണ്ട്. ഇസ്ലാം കാര്യവും ഈമാൻ കാര്യവും കഴിഞ്ഞാൽ മതത്തിന്റെ ഏററവും കാതലായ വശമാണ് ഇഹ്സാൻ. അതാണ് മതത്തിന്റെ ആന്തരികവും ബാഹ്യവുമായ സൗന്ദരത്തെ പ്രകാശിപ്പിക്കുന്നത്. നന്മ പ്രവർത്തിക്കുമ്പോൾ ഉന്നതമായ ദൈവത്തോടുള്ള ചുമതല നിറവേററുകയും അത് വഴി ദൈവത്തോടടുക്കുകയും ചെയ്യുന്നു. നന്മക്ക് അമലുസ്സാലിഹ് എന്നാണ് ഖുർആൻ ഭാഷ്യം. സാലിഹ് എന്നാൽ ഇണക്കമുണ്ടാക്കുന്നത് (സുൽഹ്). ഇത് തന്നെയാണ് ഗുണകാംക്ഷ അഥവാ ഇഹ്സാൻ. ഇഹ്സാൻ മനുഷ്യനിൽ ആന്തരിക ഭക്തി വളർത്തുകയും അവന്റെ ചിന്തകളും പ്രവർത്തനങ്ങളും ദൈവീക സ്നേഹത്തിൽ നില നിറുത്തുകയും ചെയ്യുന്നു. തസവ്വുഫും ഇത് തന്നെ ലക്ഷ്യമാക്കുന്നത് കൊണ്ടാണ് സൂഫീ ണ്ഡിതന്മാർ രണ്ടിനേയും ഒന്നായി തന്നെ കാണുന്നത്.

സൂഫിസത്തിന് തത്വവും പ്രയോഗവുമുണ്ട്. തത്വം മനസ്സിൽ അല്ലാഹുവിനെ ദൃഢീകരിക്കുന്ന ശഹാദത്ത് (സത്യ സാക്ഷ്യം)തന്നെ. അഥവാ യാഥാർഥ്യം അല്ലാഹുവാണെന്ന (ലാ മൗജൂദ ഇല്ലല്ലാഹ്) ഉറപ്പിക്കൽ. പ്രയോഗം ദൈവ സ്മരണ(ദിക്ർ)യാണ്. തൗഹീദിനെ സാക്ഷാത്കരിക്കുകയെന്ന സൂഫിസത്തിന്റെ ലക്ഷ്യം സാധിച്ചെടുക്കാനുള്ള മാർഗമായാണ് ദിക്റിനെ സൂഫീ പണ്ഡിതന്മാർ വിലയിരുത്തുന്നത്. ദിക്റിന്റെ പ്രാധാന്യം ഖുൾആൻ പലവുരു ആവർത്തിക്കന്നത് കാണാം. ''ഇരുന്നും

നിന്നും ദൈവത്തെ സ്മരിക്കുക''(3/191). ''വിശ്വസിക്കുന്നവരും നന്മ പ്രവർത്തിക്കുന്നവരും ദൈവത്തെ സ്മരിക്കുന്നവരും...''(26/277). ''തീർച്ചയായും ദൈവ സ്മരണയാണ് ഏററവും മഹത്വമുള്ളത്'' (29/45). ''എന്നെ നിങ്ങൾസ്മരിക്കുവീൻ. ഞാൻ നിങ്ങളേയും സ്മരിക്കും' (2/152) തുടങ്ങിയ വചനങ്ങൾ ഉദാഹരണം.

ഞാൻ എന്ന സ്വത്വത്തെ (നഫ്സ്) അവഗണിച്ച് കൊണ്ടു വേണം ആരാധനയും സത്കർമങ്ങളും നിർവഹിക്കേണ്ടതെന്ന് സൂഫികൾ ഊന്നിപ്പറയുന്നു. ''ദൈവത്തെ കാണുന്നത് പോലെ വേണം അവനെ ആരാധിക്കാൻ. നീ അവനെ കാണുന്നില്ലെങ്കിലും അവൻ നിന്നെ കാണുന്നുണ്ട്.'' എന്ന സൂഫി വചനം അടിസ്ഥാനമാക്കി സൂഫികൾ പറയുന്നത് ''നീ എന്ന നിന്റെ സ്വത്വം ഇല്ലാതാവുമ്പോഴേ നിനക്ക് അല്ലാഹുവിനെ കാണാൻ കഴിയൂ' എന്നാണ്. നീ എന്നത് ശരിയായ യാഥാർഥ്യമല്ല. അത് കൊണ്ട് ആ യാഥാർഥ്യത്തെ അവഗണിച്ച് കൊണ്ട് നീ ദൈവന്നെ യാഥാർഥ്യത്തിൽ വിലയം പ്രാപിക്കണം. അതിന് ഹൃദയത്തിൽ നിന്ന് മോഹങ്ങളെ നിർമാർജനം ചെയ്യണം. മോഹങ്ങളാണ് നീ എന്ന സ്വത്വത്തിന് സംരക്ഷണം നല്കുന്നത്. ഹൃദയത്തിൽ നിന്ന് നിന്നെ വിപാടനം ചെയ്ത് അവിടെ ദൈവത്തെ കുടിയിരുത്തുന്നതിനെയാണ് സൂഫികൾ ഫഖ്റ് (ദാരിദ്ര്യം) എന്ന് വിളിക്കുന്നത്.പരസ്പരം സ്നേഹിക്കലും താഴ്മ കാണിക്കലുമാണ് ഫഖ്റിന്റെ ബാഹ്യ രൂപം. സൂഫി സമൂഹത്തിൽ നിന്ന് കൊണ്ട് തന്നെ ഈ ഗുണങ്ങൾ ആർജിക്കണം. ജീവിതത്തെ പൂർണമായി ഏകാന്തതയിലിരുത്താൻ സൂഫിക്ക് പററില്ല. ഏകാന്തത (ഖൽവത്) സമൂഹത്തെ മറന്ന് കൊണ്ടാവരുത്. ''പരസ്പരം സ്നേഹിക്കാതെ നിങ്ങളിലാരും വിശ്വാസിയാവില്ല.'' (നബി വചനം). ആ നിലക്ക് സ്നേഹമാണ് ദൈവത്തിന്റെ സൗന്ദര്യം. സ്നേഹിക്കുന്നവനെ ദൈവം ഇഷ്ടപ്പെടുന്നു. ദൈവ സ്മരണ നില നിറുത്തുകയും പ്രവാചക ചര്യകൾ അനുധാവനം ചെയ്യുകയും ചെയ്യുമ്പോഴാണ് യഥാർഥമായ സ്നേഹത്തെ നില നിറുത്താനാവുക. അല്ലാത്ത പക്ഷം സ്നേഹം സ്വാർഥ പരമായി തീരും. പ്രവാചക ചര്യകൾക്കൊത്ത് കർമം ചെയ്യാത്തവനെ സൂഫി എന്ന് വിളിക്കാൻ പററില്ല എന്നാണ് ഇപ്പറഞ്ഞതിന്റെയൊക്കെ പൊരുൾ. ഇമാം നവവി ഇതേ കുറിച്ച് *അൽ മഖാസിദിൽ* വിശദീകരിക്കുന്നുണ്ട്. ശരീഅത്ത് അറിയാതെ തസവ്വുഫ് അനുഷ്ഠിക്കുന്നവനും തസവ്വുഫില്ലാതെ ശരീഅത്തനുഷ്ഠിക്കുന്നവനും ഒരു പോലെ പിഴച്ചവരാണെന്ന ഇമാം മാലികിന്റെ പ്രസ്താവമാണ് ഏറെ ശരിയായത്.

ഇസ്ലാമിലെ എല്ലാ വിഭാഗം പണ്ഡിതരും തസവ്വുഫിനെ അവരവരുടെ വീക്ഷണത്തിൽ അവതരിപ്പിക്കുന്നു. സൂഫീ ചിന്തകളെ വിശാലാർഥത്തിൽ വിശദീകരിക്കാൻ ഇത് വഴിയൊരുക്കുകയും ചെയ്തു. കർമ ശാസ്ത്രജ്ഞരും, ദൈവ ശാസ്ത്രജ്ഞരും, നിയമജ്ഞരും, ചരിത്രകാരന്മാരുമെല്ലാം വ്യത്യസ്തമായ രീതിയിൽ സതസവ്വുഫിന്റെ വിവിധ വശങ്ങളെ അവതരിപ്പിക്കുകയും മിക്ക പേരും ഈ അധ്യാത്മ പ്രസ്ഥാനത്തെ അംഗീകരിക്കുകയും ചെയ്തു. സാമൂഹിക ശാസ്ത്രജ്ഞനായ ഇബ്നു ഖൽദൂനും ചിന്തകനായ ഇമാം ഗസ്സാലിയും സൂഫിസത്തിന്റെ അധ്യാത്മികവും സാമൂഹികവുമായ വശങ്ങളെ വിശദീകരിക്കുന്നതിൽ ഏറെ വിജയിച്ചു. ഇമാം ഗസ്സാലിയുടെ വിശകലനങ്ങൾ സൂഫിസത്തെക്കുറിച്ചുള്ള തെററിദ്ധാരണകളും സ്ഖലിതങ്ങളും നീക്കം ചെയ്യാൻ സഹായകമായി. സൂഫിസത്തിന്റെ വിമർശകരെന്ന് ഘോഷിക്കപ്പെടുന്ന ഇബ്നുതീമിയയോ, ഇബ്നു ഖയ്യിമോ സൂഫിസത്തെ വ്യക്തമായി നിരാകരിച്ചിട്ടില്ല. മറിച്ച് ശൈഖ് അബ്ദുൽ ഖാദിർ ജീലാനി അടക്കമുള്ള ആദ്യ കാല സൂഫികളെ ഇവർ വാനോളം വാഴ്ത്തുന്നുണ്ട്. സൂഫി സാങ്കേതിക സംജ്ഞകളെ പല ഗ്രന്ഥങ്ങളിലായി അദ്ദേഹം വ്യാഖ്യാനിക്കുന്നുമുണ്ട്. പില്ക്കാലത്ത് ശൈഖിനെ നേതൃസ്ഥാനത്ത് അവരോധിച്ച സലഫികൾ ഇബ്നു തീമിയയുടെ സൂഫീ സമീപനങ്ങളെ തങ്ങളുടെ ഇംഗിതമനുസരിച്ച് മറച്ചു വച്ചതാണത്രേ. ഇബ്നു ഖുദാമയിൽ നിന്ന് ഖാദിരീ മാർഗത്തിലും അഹ്മദ് അൽ ബർഖൂഹിയിൽ നിന്ന് സുഹ്റവർദിയ്യയിലും ഇബ്നു തീമിയ പ്രതിജ്ഞ (ബൈഅത്ത്) ചെയ്തിരുന്നത്രേ.

വിശുദ്ധ ഖുർആന്റേയും ഹദീസിന്റേയും ആന്തരികമായ അർഥ തലങ്ങളെ കണ്ടെത്താൻ ശ്രമിക്കുന്നു എന്നതാണ് തസവ്വുഫിന്റെ സവിശേഷത. ഇവയെ നേരിട്ട് വിശദീകരിക്കുന്നതിന് പകരം രൂപക (തഅ്വീൽ)കഥകളായി അവതരിപ്പിക്കുകയാണ് തസവ്വുഫിന്റെ രീതി. ജനങ്ങളിലേക്ക് നേരിട്ട് ഇറങ്ങിച്ചെന്ന് അവരുടെ വികാര വിചാരങ്ങളിൽ അലിഞ്ഞ് ഇസ്ലാമികാശയങ്ങളെ പ്രയോഗ വത്കരിക്കാൻ സൂഫികൾക്ക് കഴിയുന്നു. വിവിധ ദേശങ്ങളിൽ അതാതിടങ്ങളിലെ സംംസ്കാരങ്ങളെ ഇസ്ലാമിലേക്ക് ആവാഹിപ്പിക്കുകയും പ്രാദേശികമായ മുസ്ലിം സംസ്കൃതികൾ രൂപപ്പെടുത്തിയതും സൂഫികൾ തന്നെ. ഇസ്ലാമിന്റെ പ്രബോധനം വിവിധ ദേശങ്ങളിലെത്തിച്ച് സൗഹൃദമായ

അന്തരീക്ഷത്തിൽ പ്രചാരണം നടത്തുന്നതിൽ സൂഫികൾ മുൻപന്തിയിലുണ്ടായിരുന്നു. വിവിധ ഭാഷകളുടെ വളർച്ചക്കും അവയുടെ പോഷണത്തിനും ഇവരാണ് സംഭാവനനല്കിയത്.

അതോടൊപ്പം അഗാധമായ ദൈവീക ചർച്ചകളിലൂടെയും പരിശീലനങ്ങളിലൂടെയും ഇസ്ലാമിന്റെ ബുദ്ധി പരമായ വികസനത്തിനും സൂഫിസം വഴിയേകി. ആദ്യകാല സൂഫികളായ ഹസൻ അൽബസരി (മരണം: ക്രി.വ.728), ഇബ്രാഹിം ബിൻ അദ്ഹം (777), ശഖീഖ് അൽ ബൽഖ് (810), അൽ മുഹാസിബി (847), ദുന്നൂൻ മിസ്രി(859), അബൂയസീദുൽ ബിസ്താമി (824), ജുനൈദ് ബാഗ്ദാദി (910), അബുൽ ഹഫ്സ് ഉമർ അൽ സുഹ്റവർദി (1144), ശിഹാബുദ്ദീൻ സുഹ്റവർദി (1191)എന്നിവർ സൂഫിസത്തിന് ഭാവവും രൂപവും നല്കി. ഇവർ ദാരിദ്ര്യം (ഫഖ്ർ), ഏകാന്ത ധ്യാനം (മുറാഖബ), ദൈവ സമർപ്പണം(തവക്കുൽ), വിലയം (വസ്ൽ), അതീന്ദ്രീയ ജ്ഞാനം (മഅ്രിഫ),ഒളിവ് (ഇശ്റാഖ്) എന്നീ ആശയങ്ങൾക്ക് ആത്മീയ മാനങ്ങൾ വികസിപ്പെച്ചെടുത്തു.ഇവരുടെ കാല ഘട്ടമാണ് സൂഫിസത്തിന്റെ ആദ്യ ഘട്ടമായി വിലയിരുത്തുന്നത്.

അനന്തമായ സ്നേഹത്തിലൂടെ ദൈവത്തെ പ്രാപിക്കാൻ ശ്രമിച്ച റാബിയ അദവിയ്യ (801)യുടെ കാലം തൊട്ട് അപാരമായ ദൈവീക സ്നേഹം (ഇശ്ഖ്) തസവ്വുഫിന്റെ പ്രധാന ഭാഗമായി. ''എനിക്ക് ദൈവത്തിന്റെ സ്വർഗം വേണ്ട ദൈവത്തെത്തന്നെ മതി'', ''അല്ലാഹുവേ, ഞാൻ നിന്നെ സ്നേഹിക്കുന്നത് നിന്റെ നരകത്തേയോ അന്ത്യ നാളിനേയോ പേടിച്ചല്ല; നിന്നോട് തന്നെയുള്ള സ്നേഹം കൊണ്ടാണ്.'' തുടങ്ങിയ റാബിയ ബവീവിയുടെ വചനങ്ങൾ പിൽകാലത്തുള്ള സൂഫികൾ ഏററു പിടിച്ചു. സൂഫീ സംഗീതങ്ങളിുലം സ്ത്രോത്രങ്ങളിലും ദിവ്യ സ്നേഹം തുടിച്ചു നിന്നു. ദൈവത്തിൽ വിലയം പ്രാപിക്കാനുള്ള സൂഫികളുടെ അഭിവാഞ്ഛ സൂഫീ ഗീതങ്ങളിൽ പ്രകടമായി. സൂഫികൾ രചിച്ച ദിവ്യാനുരാഗം തുളുമ്പുന്ന മസ്നവി ഗീതങ്ങൾ പിൽകാലത്ത് മുസ്ലിം സംസ്കാരത്തിന്റെ ഭാഗമാവുകയും ചെയ്തു. പേർഷ്യൻ സൂഫിയായ ഫരീദുദ്ദീൻ അത്താറിന്റെ മസ്നവി *മൻതിഖുത്ത്വൈർ* (പക്ഷികളുടെ വർത്തമാനം) അല്ലാഹുവുമായി വിലയം പ്രാപിക്കാനുള്ള സൂഫിയുടെ ഉൽക്കടമായ അഭിനിവേശമാണ് പ്രകടമാക്കുന്നത്. മൗലവി തരീഖത്തിന്റെ സ്ഥാപകനായി അറിയപ്പെടുന്ന മൗലാനാ റൂമിയുടെ (1273)മസ്നവിക്ക് പ്രാസ നിബദ്ധമായ 26000 ഈരടികളുണ്ട്.

പത്താം നൂററാണ്ടോട് കൂടി സൂഫിസം ഒരു ചിന്താ പ്രസ്ഥാനമായി മാറി. അല്ലാഹുവിന്റെ എകത്വത്തെ വിശദീകരിക്കുന്ന കൃതികളും വരാൻ തുടങ്ങി. പല സൂഫികളും ഗ്രന്ഥരചനയിൽ മുഴുകി. ഇബ്നു അറബി (952), അബൂതാലിബ് അൽമക്കി (996), അബൂ നസ്ർ അൽ സർറാജ് (998), അബൂബക്കർ അൽകലാബാദി (1000), അബുൽ ഹസൻ അലി ഹുജ്വീരി (1057), അൽ ഖുശയ്രി (1072) എന്നിവർ ശ്രദ്ധേയമായ കൃതികളെഴുതി. ഇവരെല്ലാം സൂഫിസത്തിന്റെ ഘട്ടങ്ങളും അവസ്ഥകളും വിശദീകരിച്ചു. അല്ലാഹുവിന്റെ അപാരതയെകുറിച്ചും, ദൈവവിധി, അന്ത്യ നാൾ എന്നിവയെ കുറിച്ചും അധ്യാത്മികമായ വിശദീകരണങ്ങൾ വന്നു. ഇവരിൽ ഏററവും പ്രധാനൻ ഹുജ്ജത്തുൽ ഇസ്ലാം എന്ന പേരിൽ പ്രസിദ്ധനായ അബൂ ഹാമിദ് ഗസ്സാലി(1111)യാണ്. അദ്ദേഹം തസവ്വുഫിനെ ദൈവ ശാസ്ത്രം, കർമ ശാസ്ത്രം, സദാചാര ശാസ്ത്രം എന്നിവയുമായി ബന്ധിപ്പിച്ചു. സൂഫിസത്തിന്റെ മണ്ഡലം വിശാലമാക്കി. സൂഫികളും കർമശാസ്ത്ര പണ്ഡിതന്മാരും തമ്മിലുള്ള അകലം ഇല്ലാതാക്കി. ശരീഅത്തിന് യോജിക്കാത്ത സ്ഖലിതങ്ങളെ മാററി സൂഫിസത്തെ കൂടുതൽ വിശുദ്ധമാക്കി.

പ്രധാന സൂഫി കൃതികൾ

ഇബ്നു അറബി: ............... *ഫുതുഹാതിൽ മക്കിയ്യ*

അബൂ താലിബ് അൽമക്കി:.... *ഖൂതുൽ ഖുലൂബ്*

അൽ സർറാജ്: ................ *കിതാബുൽ ലുംഅ*

അൽകലാബാദി:............... *കിതാബു തഅ്ആറുഫ്*

അൽ ഹുജ്വീരി:............... *കശ്ഫുൽ മഹ്ജൂബ്*

ഇമാം ഖുശയ്രി: ............... *രിസാല അൽ ഖുശയ്രിയ്യ*

ഇമാം ഗസ്സാലി:.................. *ഇഹ്യാ ഉലൂമിദ്ദീൻ*
ഉമർ അൽ സുഹ്റവർദി *അവാരിഫുൽ മആരിഫ്*

1258ൽ മംഗോളിയർ ബാഗ്ദാദ് തകർത്തതോടെ ഇസ്ലാമിക സംസ്കാരം വല്ലാതെ വെല്ലുവിളി നേരിട്ടപ്പോൾ സൂഫിസമാണ് ആശ്വാസവുമായെത്തിയത്. തകർന്ന മനസ്സുകൾക്ക് സൂഫികൾ ആശ്വാസം നല്കി. സൂഫീ തരീഖത്തുകൾ വ്യാപകമാവുകയും സമ്പന്നരും സാധാരണക്കാരും ഒരു പോലെ തരീഖത്തുകളിലേക്ക് ആകർഷിക്കുകയും ചെയ്തു. ബാഗ്ദാദിൽ നിന്ന് ലോകത്തിന്റെ നാനാ ഭാഗത്തും എത്തിയ സൂഫികൾ അവിടങ്ങളിലൊക്കെ ജനങ്ങളുടെ ആശാ കേന്ദ്രങ്ങളായി. സാവിയ, റിബാത്, ഖാൻ ഖാഹ്, തകി എന്നീ പേരുകളിൽ ലോക ദിക്കുകളിലെങ്ങും സൂഫീ പർണശാലകൾ പ്രത്യക്ഷപ്പെട്ടു. പർണശാലകൾ ഇസ്ലാമിന്റെ അധ്യാപന കേന്ദ്രങ്ങളായി മാറി. അതോടൊപ്പം മുസ്ലിം കൂട്ടായ്മയുടേയും കേന്ദ്രങ്ങളായി. അവിടെ ഗുരുവും ശിഷ്യന്മാരും ഒരുമിച്ചു ജന സേവയും മന്ത്ര ജപങ്ങളും പതിവാക്കി മനസ്സുകളിൽ ആധ്യാത്മിക ഭാവം കരുപ്പിടിപ്പിച്ചു.സമ്പന്നതും ഭരണാധികാരികളും ഈ പ്രസ്ഥാനത്തെ സഹായിച്ചു പോന്നു. ഇസ്ലാമിലേക്കുള്ള പരിവർത്തനവും ഇക്കാലത്ത് വ്യാപകമായി. ഇസ്ലാമിക സംസ്കാരം തകർക്കാൻ വന്ന മംഗോളിയരെ തന്നെ ഇസ്ലാമിലേക്ക് പരിവർത്തിപ്പിച്ച് അവരെ ഇസ്ലാമിന്റെ വാഹകരാക്കാൻ കഴിഞ്ഞുവെന്നത് സൂഫിസത്തിന്റെ മഹാ സംഭാവനയാണ്. കുടിലിലും കൊട്ടാരത്തിലും കേറി ഇസ്ലാമിന്റെ സമത്വ സന്ദേശം പരത്തുവാനും രാജാവിനേയും പ്രജയേയും തങ്ങളുടെ ശിഷ്യന്മാരാക്കുവാനും സൂഫികൾക്ക് സാധിച്ചു. ഇസ്ലാമിന്റെ സമത്വ സന്ദേശം അത്രമാത്രം രൂഢമൂലമായി. നാനാ വിധ തൊഴിലെടുക്കുന്നവർ ഏതെലും സൂഫീ തരീഖത്തിൽ അംഗത്വം നേടുന്ന പതിവ് സാർവത്രികമായി. സൂഫിമാരുടെ ഖബറിടങ്ങൾ പ്രദേശിക കൂട്ടായ്മകളുടെ കേന്ദ്ര ബിന്ദുവായി. ഉർസുകൾ നാനാ ജാതി മതസ്ഥരുടെ ഉത്സവങ്ങളായി. വ്യാപാരം കൃഷി, എന്നിവയുടെ വിനിമയ കേന്ദ്രങ്ങളായി കൂടി ഉർസുകൾ മാറിക്കഴിഞ്ഞു. ഇപ്രകാരം മതങ്ങളുടേയും വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടേയും പൊതുവേദി തീർത്ത് മതത്തിന്റെ സാമൂഹിക ഉത്തരവാദിത്തം നിറവേററാനും സൂഫികൾക്ക് സാധിച്ചു.

**മധ്യകാലത്തെ പ്രധാന തരീഖത്തുകൾ :**

ശൈഖ് അബ്ദുൽ ഖാദിർ ജീലാനിയുടെ പേരിലുള്ളഖാദിരിയ്യ
ശൈഖ് ബഹാഉദ്ദീൻ നഖ്ശബന്ദിയുടെ പേരിലുള്ള നഖ്ശബന്ദിയ്യ
ശൈഖ് അബൂ നജീബ് സുഹ്റവർദിയുടെ പേരിലുള്ള സുഹ്റവർദിയ്യ
അബൂ ഇസ്ഹാഖ് ശാമിയുടെ പേരിലുള്ള ചിശ്തിയ്യ
ശൈഖ് ജലാലുദ്ദീൻ റൂമിയുടെ പേരിലുള്ള മൗലവിയ്യ
ശൈഖ് അഹ്മദ് യസവിയുടെ യസവിയ്യ
ശൈഖ് നജ്മുദ്ദീൻ കുബ്റയുടെ കുബ്റവിയ്യ
ശൈഖ് അഹ്മദ് റിഫാഇയുടെ പേരിലുള്ള റിഫാഇയ്യ
ഹാജി ബെക്തശ് വലിയുടെ ബെക്തശിയ്യ
ഹാജി ബൈറാം വലിയുടെ ബൈറാമിയ്യ
അബുൽ ഹസൻ അൽ ശാദിലിയുടെ ശാദിലിയ്യ
ഉമറുൽ ഖൽവതിയുടെ ഖൽവതിയ്യ
അഹ്മദ് അൽ തിജാനിയുടെ തിജാനിയ
അൽ ദർഖാവിയുടെ ദർഖാവിയ
അഹ്മദ് ദസൂഖിയുടെ ദസൂഖിയ്യ

ഇങ്ങനെ ചെറുതും വലുതുമായ ആയിരത്തിലധികം തരീഖത്തുകളെ കണ്ടെത്താൻ കഴിയും . പലതും ശരീഅത്തിനനുസരിച്ചല്ലാത്തതിനാൽ മത പരിത്യാഗത്തിന്റെ പട്ടികകയിലാണ്. പല തരീഖത്തുകൾക്കും പണ്ഡിതന്മാരുടെ അംഗീകാരമില്ല. പലതും ജനങ്ങളെ വഴി പിഴപ്പിക്കാനുദ്ദേശിച്ചുള്ളത് കൂടിയാണ്.

തരീഖത്തുകളുടെ അതി പ്രസരവും മററു കാരണങ്ങളും സൂഫിസത്തെ തളർത്തിക്കൊണ്ടിരുന്നു. മഖ്ബറകളെ വാണിജ്യ കേന്ദ്രമാക്കുകയും സൂഫിസം കുറേ ആചാരങ്ങളിലൊതുങ്ങുകയും ചെയ്തു. ആത്മീയ വിശുദ്ധി നേടുന്നതിന് പകരം സ്വന്തം ആഗ്രഹങ്ങൾ സാധ്യമാക്കാനുള്ള കേന്ദ്രങ്ങളായി മഖ്ബറകൾ മാറി. മഖ്ബറയുടെ സംരക്ഷകർ പണം സമ്പാദിക്കാനുള്ള വേദിയാക്കി ദർഗകളെ മാററി. ഇസ്ലാമിക മാർഗ രേഖകൾ പൂർണമായി തഴയപ്പെടുകയും പ്രാദേശിക സ്വഭാവങ്ങൾ ദർഗകളെ സ്വാധീനിക്കാൻ തുടങ്ങുകയും ചെയ്തതതോടെ അവ കേവലം പ്രാദേശിക സംസ്കാരിക കേന്ദ്രങ്ങളായി മാറി. അദ്ഭുത സിദ്ധികളും മററും പാടിപ്പറഞ്ഞ് ജനങ്ങളെ ആകർഷിക്കുക എന്നതിലുപരി ശൈഖിന്റെ ചരിത്രങ്ങൾ പകർത്താ നുള്ളശ്രമങ്ങളുണ്ടായില്ല. ദർഗകൾ സ്വാഭാവികമായും ബർകത്ത് വില്പന കേന്ദ്രങ്ങളായി മാറി. ശഅ്റാനി, മുല്ലാ സദർ, അഹ്മദ്

സർഹിന്ദി, ഷാ വലിയുല്ലാഹ്, തുടങ്ങിയവർ സൂഫിസത്തെ രക്ഷപ്പെടുത്താൻ ശ്രമിച്ചെങ്കിലും കാര്യമായ വിജയമുണ്ടായില്ല. അധിനിവേശത്തിനെതിരെ യുദ്ധം നടത്തിയ സൂഫികൾ പില്കാലത്ത് സാമ്രാജ്യത്വത്തിന് സ്തുതി പാടുന്ന അവസ്ഥയും ഉണ്ടാവാതിരുന്നില്ല. ഒരു കാലത്ത് സമുദായത്തെ ചലനാത്മകമാക്കിയ സൂഫിസം പില്ക്കാലത്ത് സമൂഹത്തിൽ അലസത സൃഷ്ടിക്കാൻ കാരണമായി. അതോടൊപ്പം തന്നെ സൂഫിസം മത പ്രബോധന രംഗത്ത് ഇപ്പോഴും ചലനാത്മകമായി തന്നെ പരിലസിക്കുന്നു.

ബബബബബബബബബബബബബ